**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - സ്വച്ച് ഭാരത് മിഷൻ (നഗരം) - ദുർഘട പ്രദേശങ്ങളിൽ ശൗചാലയം നിർമ്മിക്കുന്നതിന് അധികമായി വേണ്ടിവരുന്ന തുക കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് മുഖേനയോ തനത്/പ്ലാൻ ഫണ്ടിൽ നിന്നോ ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.417/2017/തസ്വഭവ                    തിരുവനന്തപുരം, തീയതി 14.02.2017

---

പരാമർശം :- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.01.2017 ലെ 833/D1/16/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങളാൽ വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണപ്രവർത്തനം നടത്താൻ ബുദ്ധിമുട്ടുള്ള ദുർഘട പ്രദേശങ്ങളിൽ വ്യക്തിഗത കക്കൂസുകളുടെ യഥാർത്ഥ ചെലവിൽ ( യൂണിറ്റ് ഒന്നിന് 15,400/-- രൂപ ) അധികരിക്കുന്ന തുക കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് മുഖേനയോ ആയത് ലഭ്യമല്ലെങ്കിൽ തങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ വകയിരുത്തിയോ ചെലവഴിക്കുന്നതിനു കോർപറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും അനുമതി നല്കുന്നതിനും ഇക്കാര്യത്തിൽ അധികമായി വരുന്ന തുക നഗരസഭകൾക്ക് റീ ഇമ്പേഴ്സ് ചെയ്തു നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങളാൽ വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണപ്രവർത്തനം നടത്താൻ ബുദ്ധിമുട്ടുള്ള ദുർഘട പ്രദേശങ്ങളിൽ വ്യക്തിഗത കക്കൂസുകളുടെ യഥാർത്ഥ നിർമ്മാണച്ചെലവിൽ യൂണിറ്റ് കോസ്റ്റിനെ അധികരിക്കുന്ന തുക കോർപറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് മുഖേനയോ ആയത് ലഭ്യമല്ലെങ്കിൽ തങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ വകയിരുത്തിയോ ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം തനത്/പ്ലാൻ ഫണ്ടിൽ നിന്ന് അധികമായി ചെലവാകുന്ന തുക നഗരസഭകൾക്ക് സർക്കാർ റീ ഇമ്പേഴ്സ് ചെയ്ത് നൽകുന്നതാണ്. ഇക്കാര്യത്തിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

റ്റി.കെ ജോസ്

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ